പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5575 01/07/2019 ൽ മറുപടിക്ക്

**<u>പമ്പയിലെ വാഹനപാർക്കിംഗ്</u>**

ചോദ്യം മറുപടി

**ശ്രീ.കെ.എൻ.എ ഖാദർ**

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് നിലവിൽ പമ്പയിൽ പാർക്കിംഗ് അനുവദിക്കുന്നുണ്ടോ; നിലക്കലിൽ നിന്ന് പമ്പയിലേക്ക് സ്വകാര്യവാഹനങ്ങൾ അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് നിലവിൽ പമ്പയിൽ പാർക്കിംഗ് അനുവദിക്കുന്നില്ല. നിലയ്ക്കലിൽ നിന്നും പമ്പയിലേയ്ക്ക് സ്വകാര്യ വാഹനങ്ങൾ നിലവിലെ സാഹചര്യത്തിൽ അനുവദിക്കുന്നില്ല. |
| (ബി) | നിലക്കൽ പാർക്കിംഗ് കേന്ദ്രമാക്കിയിട്ടും അവിടെ തീർത്ഥാടകർക്ക് വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തീർത്ഥാടകരുടെ ദുരിതം പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | തീർത്ഥാടകർക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി നടന്നു വരികയാണ്. |
| (സി) | പമ്പയിൽ തീർത്ഥാടകർക്ക് പാർക്കിംഗ് അനുവദിക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദശിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | പമ്പയിൽ തീർത്ഥാടകർക്ക് പാർക്കിംഗ് അനുവദിക്കണമെന്ന് ഹൈക്കോടതി സർക്കാരിനോട് നിർദ്ദശിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ